Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release

*Ref: 943/KCBC/K-6/KPR/DS* 09.05.2025

# പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയ്ക്ക് പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും: കെസിബിസി

കൊച്ചി: ആഗോള കത്തോലിക്കാ സഭയുടെ 267 മത് അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ലിയോ പതിനാലാമൻ പാപ്പായുടെ പ്രവർത്തനങ്ങൾക്ക് കേരള കത്തോലിക്കാ സഭ ഭാവുകങ്ങൾ ആശംസിക്കുകയും പ്രാർഥന വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ യാഥാർത്ഥ്യ ബോധത്തോടെ ഉൾക്കൊണ്ടുകൊണ്ട് സഭയെയും സമൂഹത്തെയും നയിക്കുവാൻ പാപ്പയ്ക്ക് കഴിയട്ടെ. പരിശുദ്ധ പിതാവ് തന്റെ അഭിസംബോധന സന്ദേശത്തിൽ വ്യക്തമാക്കിയതുപോലെ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിൽ ലോകത്തെ ഒന്നിച്ചു കൂട്ടുവാനും നയിക്കുവാനും ഉള്ള സഭയുടെ ശ്രമങ്ങൾക്ക് പ്രചോദനാത്മകമായ നേതൃത്വം നൽകാൻ പാപ്പക്ക് സാധിക്കട്ടെ. തെക്കേ അമേരിക്കയിൽ ദീർഘകാലം മിഷണറിയായി ശുശ്രൂഷ ചെയ്ത പാപ്പയുടെ അനുഭവസമ്പത്ത് സാർവത്രികസഭയ്ക്കുവേണ്ടിയുള്ള തന്റെ പ്രധാനാ ചാര്യ ശുശ്രൂഷയിൽ പിൻബലവും മുതൽകൂട്ടുമാകട്ടെയെന്ന് ആശംസിക്കുന്നു. കേരളം സന്ദർശിക്കുകയും കേരളസഭയെ അടുത്തറിയുകയും ചെയ്തിട്ടുള്ള പാപ്പയ്ക്ക് കേരള വിശ്വാസസമൂഹത്തിന്റെ വിധേയത്വവും പ്രാർത്ഥനയും പിന്തുണയും എന്നും ഉണ്ടാകും.

ഫാ. തോമസ് തറയിൽ
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെസിബിസി

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. THOMAS THARAYIL
POC, PB No. 2251
Palarivattom, Kochi-682 025
Ph: 0484-2805815,
2805722
Email:frthomastharayil@gmail.com